**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610** **02-08-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് ബസ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ മൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് ബസ് തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡിനോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ അനിവാര്യമായ ലോക്ക്ഡൗൺ മൂലം ടൂറിസ്റ്റ് ബസ് തൊഴിലാളികൾ ഉൾപ്പെടെയുള്ള മോട്ടോർ തൊഴിലാളികൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നു. സമാശ്വാസം എന്ന നിലയിൽ ടേബിൾ 1 വിഭാഗത്തിൽപെട്ട ടൂറിസ്റ്റ് ബസ് തൊഴിലാളികൾ ഉൾപ്പെടുന്ന കോൺട്രാക്ട് ക്യാരിയേജ് വാഹനങ്ങളിലെ ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് 5000 /-രൂപ വീതവും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/-രൂപ വീതവും, മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായ ഉടമ/ തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/ തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട് . |
| (ബി) | ഇവർക്ക് ക്ഷേമനിധിയിൽ നിന്ന് താത്കാലിക ആശ്വാസമായി പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ തൊഴിലാളികൾക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ